നം. സി.ഇ.ഇ/1761/2010/റ്റി.എ.IV

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695001

പത്രക്കുറിപ്പ്

ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2010 അഡ്മിറ്റ് കാർഡ് വിതരണം - സംബന്ധിച്ച്

2011 ജനുവരി 23-ാം തീയതി (23.01.2011) ഞായറാഴ്ച, തിരുവനന്തപുരം, എസ്.എം.വി. ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്താനിരിക്കുന്ന **ബി.ഫാം (ലാറ്ററൽ എൻട്രി)** പ്രവേശന പരീക്ഷയ്ക്ക് സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള പരീക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡുകൾ ഈ ഓഫീസിൽ നിന്നും അയച്ചിട്ടുണ്ട്. 2011 ജനുവരി 21-ാം തീയതി വരെ അഡ്മിറ്റ് കാർഡോ അപേക്ഷ നിരസിച്ചിട്ടുള്ളതായ അറിയിപ്പോ ലഭിക്കാത്തവർ **22-ാം തീയതി (ശനിയാഴ്ച) രാവിലെ 10 മണിക്കും ഉച്ചയ്ക്ക് ഒരു മണിക്കും ഇടയിൽ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ**, പാസ്പോർട്ട് സൈസിൽ ഉള്ള ഒരു ഫോട്ടോ സഹിതം എത്തി, അപേക്ഷ സ്വീകരിച്ചിട്ടുള്ളപക്ഷം, ബന്ധപ്പെട്ട ലയ്സൺ ഓഫീസറിൽ നിന്നും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. ഈ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡിനു പകരമായി പരീക്ഷാ കേന്ദ്രത്തിൽ ഹാജരാക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഇപ്രകാരം ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നവർ, പരീക്ഷാ ദിവസം രാവിലെ 9 മണിക്ക് മുൻപായി പരീക്ഷാ കേന്ദ്രത്തിൽ എത്തി ചീഫ് സൂപ്രണ്ടിനെ സമീപിച്ച് ഐഡന്റിഫിക്കേഷൻ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം
14.01.2011

പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി